LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ (കൃ.വി.2/13/എം.പി.എം.) താഴെ പറയുന്നവർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്:

1. ഡോ. എം. അബ്ദുൾ സലാം, വൈസ് ചാൻസലർ, കോഴിക്കോട് യൂണിവേഴ്സിറ്റി.
2. പ്രൊ. രവീന്ദ്രനാഥ്, പ്രൊ. വൈസ് ചാൻസലർ, കോഴിക്കോട് യൂണിവേഴ്സിറ്റി.
3. എൻ. എസ്. രാമകൃഷ്ണൻ, പേഴ്സണൽ അസിസ്റ്റന്റ്, പ്രൊ. വൈസ് ചാൻസലർ, കോഴിക്കോട് യൂണിവേഴ്സിറ്റി.
4. സംഗീത, D/o രാമകൃഷ്ണൻ.

(സി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനഃപരീക്ഷ നടത്തിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ഡി) തുടരുന്നുണ്ട്.

സംസ്ഥാനത്തെ ജയിലുകൾ

220 (1925) ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ പാർപ്പിടശേഷി എത്രയാണ് ; എല്ലാ ജയിലുകളിലുമായി എത്ര തടവുകാരെ പാർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആംബുലൻസ് സൗകര്യം ഇല്ലാത്ത ജയിലുകളുണ്ടോ ; എങ്കിൽ എത്ര ;

(സി) ജയിലുകളിൽ ഡോക്ടർമാരുടെ സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ഡോക്ടർമാരുടെ സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ 6217 തടവുകാരെ പാർപ്പിക്കാനുള്ള ശേഷിയുണ്ട്. 10-6-2015-ലെ കണക്കനുസരിച്ച് 6965 തടവുകാരെ പാർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 38 ജയിലുകളിലും ബോസ്റ്റൽ സ്കൂളിലും ആംബുലൻസ് സൗകര്യമില്ല.

(സി) സംസ്ഥാനത്തെ 3 സെൻട്രൽ ജയിൽ, 2 തുറന്ന ജയിൽ, കോഴിക്കോട്, കൊല്ലം എന്നീ ജില്ലാ ജയിലുകൾ എന്നിവിടങ്ങളിൽ മെഡിക്കൽ ഓഫീസർ തസ്തിക നിലവിലുണ്ട്. മറ്റ് ജയിലുകളിൽ അതാത് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർ ആഴ്ചയിൽ ഒരിക്കൽ പരിശോധന നടത്താറുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ തടവുകാരെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് കൊണ്ടുപോകാറുണ്ട്.

മലപ്പുറം ജില്ലയിലെ സബ് ജയിലുകളിലെ അടിസ്ഥാന സൗകര്യ വികസനം

221 (1926) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ 4 സബ് ജയിലുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം തടവുകാരും ജീവനക്കാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അവ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ നാല് ജയിലുകളിൽ (സ്പെഷ്യൽ സബ് ജയിൽ മഞ്ചേരി, സബ് ജയിൽ പെരിന്തൽമണ്ണ, സബ് ജയിൽ പൊന്നാനി, സബ് ജയിൽ തിരൂർ) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ടോയ്ലറ്റ് സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 8,48,767 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly